**പതിനാലാം കേരള നിയമസഭ**
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 599 04.02.2020-ലെ മറുപടിയ്ക്ക്

## കോട്ടയം ജില്ലയിലെ നാഗമ്പടം നെഹ്റു സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കോട്ടയം ജില്ലയിൽ നാഗമ്പടം നെഹ്റു സ്റ്റേഡിയത്തിൽ മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) & (ബി) | നാഗമ്പടം നെഹ്റു സ്റ്റേഡിയം കായികയുവജനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലല്ല. |
| (ബി) | പ്രസ്തുത സ്റ്റേഡിയം ഗ്രീൻഫീൽഡ് സ്റ്റേഡിയം മാതൃകയിൽ വികസിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | | |
| (സി) | കോട്ടയം ജില്ലയിൽ ചിങ്ങവനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്ട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച്- ന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | കോട്ടയം ചിങ്ങവനത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച് ആരംഭിക്കുന്നതിനായി 11.25 ഏക്കർ സ്ഥലം സർക്കാർ അനുവദിച്ച് നൽകിയതിനെ തുടർന്ന് 23.02.2016 ന് പ്രസ്തുത പ്രവർത്തി ആരംഭിക്കുന്നതിന് തറക്കല്ലിടുകയും ഇതേ തുടർന്ന് മൂന്ന് പ്രീഫാബ് യൂണിറ്റുകൾ ടി സ്ഥലത്ത് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കായികയുവജനകാര്യാലയം മുഖേന കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്ഥലത്ത് സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം എന്ന പേരിൽ ഇൻഡോർ സ്റ്റേഡിയം സ്ഥാപിക്കുവാൻ |
| (ഡി) | കേരളത്തിലെ സ്പോർട്ട്സ് താരങ്ങൾക്ക് ശാസ്ത്രീയ പരിശീലനം ലഭ്യമാക്കുവാൻ ഉതകുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്ന പക്ഷം ശാസ്ത്രീയ പരിശീലനം ലഭ്യമാക്കുവാൻ ഉതകുന്ന ഇൻസ്റ്റിറ്റ്യൂട്ട് എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ സാധിക്കും. |

**സെക്ഷൻ ഓഫീസർ**